കേരളത്തിൽ അച്ചടിച്ചു വിററാൽ ആരുണ്ടു ചോദിക്കാൻ? കേരളത്തിലേയും തമിഴ്നാട്ടിലേയും ലോട്ടറികളുടെ ടിക്കററുകൾ രാജസ്ഥാനിലും ഭൂട്ടാനിലും മററു സ്റ്റേററുകളിലും കൃത്രിമമായി അച്ചടിച്ചു വിൽക്കുന്നുണ്ടാവില്ലേ? സർക്കാരുകളുടെ ലോട്ടറി സംവിധാനത്തിനു സമാന്തരമായി ഭീമമായ ഒരു വ്യാജലോട്ടറി സംവിധാനം ഇന്ത്യയിലൊട്ടാകെ പ്രവർത്തിച്ചുവരുന്നില്ലേ? ഇതിലൂടെ കള്ളക്കടത്തിലൂടെയെന്നപോലെ, വൻതുകകൾ സാമൂഹ്യവിരുദ്ധർ നേടുന്നില്ലേ? കള്ളപ്പണം നാട്ടിൽ പെരുകുകയും, നാട്ടിലെ സമ്പദ്‌വ്യവസ്ഥയെയും സദാചാരവ്യവസ്ഥയെയും അതു് അട്ടിമറിക്കുകയും ചെയ്യുന്നതിനു് സർക്കാർ ലോട്ടറികൾ വലിയ സംഭാവന നൽകുന്നില്ലേ? ആരോടു ചോദിക്കാൻ? ആർ ഉത്തരം പറയാൻ?

ഇപ്പോൾ ഇതാ ഈ പ്രശ്നം തമിഴ്നാടു ഹൈക്കോടതിയിൽ ശ്രീ ഗോപാലൻ ഉന്നയിച്ചിരിക്കുന്നു. ഹൈക്കോടതി ശ്രീ ഗോപാലന്റെ ഹർജി ഫയലിൽ ചേർക്കുകയും കേന്ദ്രസർക്കാരിനും സ്റ്റേററ്സർക്കാരുകൾക്കും നോട്ടീസ് അയയ്ക്കുകയും ചെയ്തിരിക്കുന്നു.

ഹൈക്കോടതി അവസാനം ഈ പ്രശ്നത്തിൽ എന്തു തീരുമാനം കൈക്കൊള്ളുമോ ആവോ! മറെറാന്നുമില്ലെങ്കിലും പോലീസുകാർ നടന്നു് ലോട്ടറി ടിക്കററു വിൽക്കുന്ന പരിതഃസ്ഥിതി സ്ഥിരപ്പെടാതെ നോക്കാനെങ്കിലും ഹൈക്കോടതിക്കു കഴിഞ്ഞാൽ അതുതന്നെ വലിയ ആശ്വാസമായിരിക്കും.

(25 ആഗസ്റ്റ്, 1983)

# 101. 'ലോട്ടറി എന്ന തട്ടിപ്പ്'

'പോലീസ് ലോട്ടറി' എന്നപേരിൽ സെപ്റ്റംബർ 11—ാം തീയതിയിലെ 'കേരളശബ്ദ'ത്തിൽ ഇതേ പംക്തിയിലെഴുതിയിരുന്ന ലേഖനത്തിൽ ഞാൻ ഇങ്ങനെ പ്രസ്താവിച്ചിരുന്നു:

'ലോട്ടറി നടത്തിപ്പിൽ കൃത്രിമം എത്രയുണ്ടു്? ആർ അറിയുന്നു? കള്ളനോട്ടടിച്ചാൽത്തന്നെ കണ്ടുപിടിക്കാൻ കഴിയാത്ത പോലീസിനു മാർക്കററിൽ വില്ക്കുന്ന ലോട്ടറിടിക്കററുകൾ യഥാർത്ഥമോ വ്യാജനിർമ്മിതമോ എന്നു് എങ്ങനെ അറിയാം? രാജസ്ഥാൻ ലോട്ടറിയുടെയോ ഭൂട്ടാൻ ലോട്ടറിയുടെയോ ടിക്കററുകൾ കേരളത്തിൽ അച്ചടിച്ചു വിററാൽ ആരുണ്ടു ചോദിക്കാൻ? കേരളത്തിലെയും തമിഴ്നാട്ടിലെയും ലോട്ടറിയുടെ ടിക്കററുകൾ രാജസ്ഥാനിലും ഭൂട്ടാനിലും മററു സ്റ്റേററുകളിലും കൃത്രിമമായി അച്ചടിച്ചു വില്ക്കുന്നുണ്ടാവില്ലേ? സർക്കാരുകളുടെ ലോട്ടറി സംവിധാനത്തിനു സമാന്തരമായി ഭീമമായ ഒരു വ്യാജ ലോട്ടറി സംവിധാനം ഇന്ത്യയിലൊട്ടാകെ പ്രവർത്തിച്ചുവരുന്നില്ലേ? ഇതിലൂടെ കള്ളക്കടത്തിലൂടെയെന്നപോലെ വൻതുകകൾ സാമൂഹ്യവിരുദ്ധർ നേടുന്നില്ലേ? കള്ളപ്പണം നാട്ടിൽ പെരുകുകയും നാട്ടിലെ സമ്പദ്‌വ്യവസ്ഥയെയും സദാചാര വ്യവസ്ഥയെയും അതു് അട്ടിമറിക്കുകയും ചെയ്യുന്നതിനു സർക്കാർ ലോട്ടറികൾ വലിയ സംഭാവന നൽകുന്നില്ലേ? ആരോടു ചോദിക്കാൻ? ആർ ഉത്തരം പറയാൻ?'

ലോട്ടറികളുടെ സദാചാരവശം എന്തുമാകട്ടെ. അവയുടെ നടത്തിപ്പിൽ മുൻലേഖനത്തിൽ ആശങ്കിച്ചപോലെ വ്യാപകമായ തട്ടിപ്പും വെട്ടിപ്പും നടക്കുന്നുണ്ടെന്നു് ഇതിനകം പരസ്യമായിട്ടുണ്ടു്. ത്രിപുര, ബീഹാർ, പുതുശ്ശേരി (പോണ്ടിച്ചേരി) എന്നീ മൂന്നു സ്റ്റേററുകളിലെ സർക്കാർ ലോട്ടറി വിഭാഗങ്ങൾ

ഈയിടെ അടച്ചുപൂട്ടുകയുണ്ടായി. മററു പല സ്റ്റേററുകളിലേയും ലോട്ടറിസംവിധാനങ്ങളെപ്പററി ഗൗരവമേറിയ ആക്ഷേപങ്ങൾ ഉന്നയിക്കപ്പെട്ടിട്ടുണ്ട്.

ഒക്ടോബർ 17-ാം തീയതിയിലെ 'സ്റ്റേററ്സ്മാൻ' പത്രം ഒരു മുഖപ്രസംഗത്തിൽ എഴുതുന്നു:

'പതിനേഴ് വർഷം മുമ്പാണ് ഇന്ത്യയിൽ സ്റ്റേററ് നേരിട്ടു നടത്തുന്ന ലോട്ടറിപ്രസ്ഥാനം ആരംഭിച്ചത്. ലോട്ടറികൾ എത്രയോ കോടി രൂപ ഇപ്പോൾ കൈകാര്യംചെയ്യുന്നുണ്ട്. അവയുടെ എണ്ണം പെരുകിയിട്ടുമുണ്ട്. അതിനാൽ അവ തമ്മിൽ മത്സരം വളർന്നിരിക്കുന്നു; സമ്മാനത്തുക ഉയർന്നുയർന്നു പോയിരിക്കുന്നു. ഇതു നിമിത്തം കള്ളടിക്കററുകളുടെ ഒരു രഹസ്യവ്യവസായം നിലവിൽ വന്നിട്ടുണ്ട്. ലോട്ടറി നടത്തിപ്പിൽ വേറെയുമുണ്ട് പല തട്ടിപ്പുകളും. ഈ തട്ടിപ്പുകളിൽ താഴേക്കിടയിലുള്ള സർക്കാരുദ്യോഗസ്ഥന്മാർക്കും പങ്കുള്ളതായി ആരോപണമുണ്ട്. ലോട്ടറിത്തട്ടിപ്പുകളിൽ ഉയർന്ന ഉദ്യോഗസ്ഥന്മാർക്കും പങ്കാളിത്തമുണ്ടെന്നാണ് ഈയിടെ പുറത്തുവന്ന ചില റിപ്പോർട്ടുകൾ കാണിക്കുന്നത്. ലോട്ടറിപ്രസ്ഥാനത്തിൽ പൊതുജനങ്ങൾക്കു വിശ്വാസം നഷ്ടപ്പെടുവാൻ ഈ റിപ്പോർട്ടുകൾ കാരണമായിട്ടുണ്ട്.

'ത്രിപുരയിലെ ലോട്ടറി ഈയിടെ പെട്ടെന്നു നിർത്തിവെക്കുകയുണ്ടായി. 'തത്വ'ത്തെ അടിസ്ഥാനമാക്കിയാണ് ഈ തീരുമാനമെടുത്തത് എന്നല്ലാതെ ഇതിനു മററൊരു കാരണവും ത്രിപുര സർക്കാർ പറഞ്ഞിട്ടില്ല. ഇതു കൂടുതൽ ഊഹാപോഹങ്ങൾ ഇളക്കിവിട്ടിട്ടുണ്ട്. ത്രിപുര ലോട്ടറിയുടെ നടത്തിപ്പിൽ ഭീമമായ അഴിമതികൾ ഉണ്ടായിരുന്നുവെന്ന് ആരോപണങ്ങൾ ഉന്നയിക്കപ്പെട്ടിരുന്നു. ഈ ആരോപണങ്ങളെപ്പററി അന്വേഷണം നടന്നുവരികയുമാണ്. ലോട്ടറി നിർത്തിവെച്ചതിനാൽ ഇനി അന്വേഷണം തുടരുകയുണ്ടാവില്ല. ബീഹാറിലെയും പുതുശ്ശേരിയിലെയും ലോട്ടറി നിർത്തിവെച്ചതും ഇത്തരം കാരണങ്ങളെ മുൻനിർത്തിയാണെന്നു പറയപ്പെടുന്നു. മേഘാലയ ഗവൺമെൻറ് ഈയിടെ അവിടത്തെ ലോട്ടറി സംവിധാനമാകെ പൊളിച്ചുപണിയുകയും നറുക്കെടുപ്പിൻെറ മേൽനോട്ടം വഹിക്കാൻ ജഡ്ജിമാരുടെ ഒരു പ്രത്യേക പാനലിനെ നിയമിക്കുകയുമുണ്ടായി.'

പല സ്റ്റേററുകളും ലോട്ടറികൾ നടത്തുന്നതു് ദില്ലിയിലും മററുമുള്ള ചില കോൺട്രാക്ടർമാരുടെ സേവനമുപയോഗപ്പെടുത്തിയാണ്. ടിക്കററുകൾ അച്ചടിക്കുന്നതും വില്ക്കുന്നതും നറുക്കെടുക്കുന്നതുമെല്ലാം ഈ കോൺട്രാക്ടർമാരുടെ ചുമതലയിൽപ്പെടുന്നു. 'ലോകത്തിലെ ഏററവും വലിയ നറുക്കെടുപ്പ്' എന്നു പത്രപ്പരസ്യങ്ങളിലൂടെ വിളംബരംചെയ്യപ്പെട്ടിരുന്ന സെൻട്രൽ റിസർവ് പോലീസ് ലോട്ടറിയുടെ നടത്തിപ്പ് ദില്ലിയിലെ ഒരു കോൺട്രാക്ടറെ ഏല്പിച്ചിരിക്കുകയാണെന്ന് നാഗാലാൻഡിൽനിന്ന് ഒരു വായനക്കാരൻ എനിക്കെഴുതിയിരുന്നു. ലോട്ടറി നടത്താനുള്ള തീരുമാനമെടുക്കേണ്ട ചുമതലയേ സർക്കാരിനുള്ളൂ. ടിക്കററടിച്ചു വിററ് നറുക്കെടുത്തു സമ്മാനംകൊടുത്തു ലാഭവിഹിതം കോൺട്രാക്ടർ സർക്കാരിന് എത്തിച്ചുകൊടുത്തുകൊള്ളും! കോൺട്രാക്ടരുടെ ഇത്തരം പ്രവർത്തനങ്ങൾക്ക് ഒരാളും മേൽനോട്ടം വഹിക്കുന്നില്ല. അതിനാൽ തട്ടിപ്പ് എത്രയാവാമെന്നതിന് ഒരു കണക്കുമില്ല. കേന്ദ്രരഹസ്യപ്പോലീസ്സിൻെറ ഒരു റിപ്പോർട്ടനുസരിച്ച് ദില്ലിയിൽ വില്ക്കുന്ന ലോട്ടറി ടിക്കററുകളിൽ അഞ്ചിലൊന്നു വീതം വ്യാജനിർമിതമാണെന്ന് 'സ്റ്റേററ്സ്മാൻ' പത്രം പറയുന്നു. മുഴുത്തട്ടിപ്പല്ലാത്ത ലോട്ടറികളുടെ നടത്തിപ്പിലുമുണ്ട് ഒട്ടേറെ അഴിമതികൾ. അസമിലെ ഷില്ലോങ്ങിൽ നടത്തുന്ന ഒരു ലോട്ടറി സമ്മാനത്തുകയായി രണ്ടു കോടി രൂപ വാഗ്ദാനംചെയ്തിരുന്നു. ഇതിൽ എൺപതു ലക്ഷം രൂപ ആരുകൊടുക്കുമെന്ന വിവരം ടിക്കററുകളിൽ കാണിച്ചിട്ടില്ലത്രെ. ഈ കാര്യം ഈയിടെ ചില പാർലമെൻറംഗങ്ങൾ കേന്ദ്ര ആഭ്യന്തരമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. ഇന്ത്യയിലെ എല്ലാ ലോട്ടറികളുടെയും നടത്തിപ്പിൻെറ മേൽനോട്ടം വഹിക്കാൻ ഒരു കേന്ദ്ര അധികൃത സ്ഥാപനം രൂപവൽക്കരിക്കണമെന്ന

നിർദേശവും ഉന്നയിക്കപ്പെട്ടിട്ടുണ്ട്. പക്ഷേ, ഈ കാര്യത്തിൽ യാതൊരു നടപടിയും ഇതുവരെ ഉണ്ടായിട്ടില്ല ഫലമോ? ഇന്ത്യയിലെ ലോട്ടറിരംഗത്തിൽ തികഞ്ഞ അരാജകത്വം കൊടികുത്തിവാഴുന്നു.

അടുത്ത തവണ ഒരു ലോട്ടറിടിക്കററ് വാങ്ങുംമുമ്പ് നിങ്ങൾ ഓർക്കുക: നിങ്ങൾ നൽകുന്ന പണം ഒരു വൻകിട തട്ടിപ്പുകാരന്റെ മടിശ്ശീലയിൽ ചുമ്മാ ചെന്നു വീഴുകയല്ല എന്നതിനു യാതൊരു ഉറപ്പുമില്ല!

(22 ഒക്ടോബർ, 1983)

## 102. ലോട്ടറി തട്ടിപ്പിനെപ്പററി വീണ്ടും...

'ലോട്ടറി' എന്ന പേരിൽ സർക്കാരിന്റെ ആനുകൂല്യത്തോടെ ഇന്ത്യയിൽ നടന്നുവരുന്ന ഭയങ്കരമായ തട്ടിപ്പിനെപ്പററി ഈ പംക്തിയിൽ ഇതിനുമുമ്പു രണ്ടു തവണ ഞാൻ എഴുതിയിരുന്നു (കേരളശബ്ദം, 1983 സെപ്തംബർ 9, 1983 നവംബർ 13). അഴിമതിയാരോപണങ്ങളെത്തുടർന്ന് ത്രിപുര, ബിഹാർ, പുതുച്ചേരി എന്നിവിടങ്ങളിലെ സർക്കാരുകൾ അവിടത്തെ ലോട്ടറികൾ നിർത്തിവെക്കുകയുണ്ടായി. ആരോപണങ്ങൾ പിന്നെപ്പിന്നെ കൂടുതൽ ശക്തിയാർജിച്ചതിനാൽ ഇന്ത്യാഗവണ്മെന്റിന്റെ ഗൃഹമന്ത്രാലയം 1984 ജൂൺ 27-ാം തീയതി 'ഏററവും അടിയന്തിരം' എന്ന മുഖക്കുറിപ്പോടെ എല്ലാ സ്റ്റേററുകളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും ലോട്ടറി ഡയറക്ടർമാർക്ക് ലോട്ടറി നടത്തിപ്പു സംബന്ധിച്ച വിശദമായ നിർദേശങ്ങൾ നൽകി. ലോട്ടറികളിലെ സമ്മാനത്തുക, ടിക്കററുവില, നറുക്കെടുപ്പ്, ഏജന്റുമാരുടെ കമ്മീഷൻ എന്നീ കാര്യങ്ങളിൽ സ്റ്റേററുകൾക്കിടയിലുള്ള ഭീമമായ അന്തരം ഈ നിർദേശങ്ങളിൽ കേന്ദ്രസർക്കാർ ചൂണ്ടിക്കാണിച്ചിരുന്നു. ലോട്ടറി നടത്തിപ്പിൽ സ്റ്റേററുകൾ തമ്മിലുള്ള മത്സരത്തെക്കുറിച്ചും അഴിമതികളെക്കുറിച്ചും തുടർച്ചയായി ആക്ഷേപങ്ങൾ കേന്ദ്രഗവണ്മെന്റിനു കിട്ടിക്കൊണ്ടിരിക്കുന്നതായും അവയിൽ എടുത്തുപറഞ്ഞിരുന്നു. അഴിമതി തടയാനും ലോട്ടറി നടത്തിപ്പിൽ ഐകരൂപ്യം വരുത്താനുമായി ചില സാമാന്യ തത്ത്വങ്ങൾ ആവിഷ്കരിക്കുകയാണ് കേന്ദ്രസർക്കാർ ചെയ്തത്. ആഴ്ചതോറും നടത്തുന്ന ലോട്ടറികളിൽ ഒരു ലക്ഷത്തിൽ കൂടുതൽ തുക ഒന്നാം സമ്മാനമായി നൽകരുതെന്നും ടിക്കററുവില ഒരു രൂപയിൽ കവിയരുതെന്നും കേന്ദ്രസർക്കാർ നിർദേശിച്ചു. എന്നാൽ, കേന്ദ്രസർക്കാരിന്റെ നിർദേശങ്ങൾക്കു പുല്ലുവിലപോലും സ്റ്റേററുകളിലെ ലോട്ടറി ഭാരവാഹികൾ കല്പിച്ചിട്ടില്ലെന്നു പത്രങ്ങളിൽ പ്രത്യക്ഷപ്പെടുന്ന ലോട്ടറിപ്പരസ്യങ്ങൾ നോക്കിയാലറിയാം. 'അതൊക്കെ സദുപദേശങ്ങൾ മാത്രം; അനുസരിക്കേണ്ട കല്പനകളല്ല' എന്നതാണു ലോട്ടറി ഭാരവാഹികളുടെ നിലപാട്.

മൂന്നുതരം ലോട്ടറികൾ ഇപ്പോൾ ഇന്ത്യയിൽ നടന്നുവരുന്നുണ്ട്: 1. സർക്കാർ നേരിട്ടു നടത്തുന്നവ; 2. സർക്കാരിനുവേണ്ടി സ്വകാര്യ ഏജൻസികൾ നടത്തുന്നവ; 3. 'ധർമസ്ഥാപനങ്ങൾ' എന്നു വിളിക്കപ്പെടുന്നവയ്ക്കുവേണ്ടി സർക്കാരിന്റെ അനുമതിയോടെ സ്വകാര്യ ഏജൻസികൾ നടത്തുന്നവ. ഇവയിൽ സർക്കാർ നേരിട്ടു നടത്തുന്ന ലോട്ടറികളുടെമേൽ മാത്രമേ സർക്കാരിനു പറയത്തക്ക നിയന്ത്രണമുള്ളു. കേരള ലോട്ടറി സർക്കാർ നേരിട്ടുനടത്തുന്ന ഒന്നാണ്. എന്നാൽ, ഹരിയാണപോലെ പല സ്റ്റേററുകളുടെയും ലോട്ടറികൾ അതാതു സർക്കാരുകൾക്കുവേണ്ടി ചില സ്വകാര്യക്കമ്പനികളാണു നടത്തുന്നത്. സർക്കാരിന്റേതു് എന്നു തെററിദ്ധരിപ്പിക്കത്തക്കവിധത്തിൽ പരസ്യം നൽകി നടത്തുന്ന സ്വകാര്യ ലോട്ടറികളും കുറെയേറെയുണ്ട്. കള്ളടിക്കററുകൾ ധാരാളം വിൽക്കപ്പെടുന്നുണ്ടാവാമെന്നതൊഴിച്ചാൽ സർക്കാർ നേരിട്ടുനടത്തുന്ന ലോട്ടറി